LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത ഭൂമിയുള്ള ഭവനരഹിതരുടെയും ഭൂമിയില്ലാത്ത ഭവനരഹിതരുടെയും ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) 2021 ആഗസ്റ്റ് 28-ന് കേരള ദളിത് ഫെഡറേഷൻ സംഘടിപ്പിച്ച അയ്യങ്കാളി ജയന്തി സമ്മേളനത്തിൽ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും അഞ്ചു വർഷത്തിനുള്ളിൽ വീട് ഉറപ്പുവരുത്തുമെന്ന് സർക്കാർ തീരുമാനമായി മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നോ;

(സി) എങ്കിൽ ഇതിനനുസൃതമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) സംസ്ഥാനത്ത് 5 വർഷത്തിനുള്ളിൽ ലൈഫ് മിഷൻ മാനദണ്ഡ പ്രകാരം അർഹരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ലൈഫ് മിഷന്റെ നിലവിലുള്ള ലിസ്റ്റിൽ ഉൾപ്പെട്ട ഭൂമിയുള്ള ഭവനരഹിതർക്കും ഭൂമിയില്ലാത്ത ഭവനരഹിതർക്കും വീട് അനുവദിച്ചു വരുന്നുണ്ട്. ലൈഫ് മിഷൻ മുൻപ് തയ്യാറാക്കിയ ലിസ്റ്റിലും പട്ടികജാതി വികസന വകുപ്പ് ലൈഫ് മിഷന് കൈമാറിയ അഡീഷണൽ ലിസ്റ്റിലും ഉൾപ്പെടാത്ത ഭവന നിർമ്മാണത്തിന് അർഹരായവരെ കണ്ടെത്തുന്നതിന് 2020-21 കാലയളവിൽ ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിൽ 174827 പട്ടികജാതിക്കാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ അർഹതാ പരിശോധന നടത്തി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി ലൈഫ് മിഷൻ സ്വീകരിച്ചു വരുന്നുണ്ട്.

നെന്മാറ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് അനുവദിക്കാൻ നടപടി

15(760) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ നെന്മാറ നിയോജകമണ്ഡലത്തിലുണ്ടെന്ന് വിശദമാക്കുമോ?

സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത 260 പട്ടികവർഗ്ഗ കുടുംബങ്ങളും സ്ഥലമുണ്ടെങ്കിലും വീടില്ലാത്ത 127 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർക്ക് ഭൂമിയും വീടും അനുവദിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ലാൻഡ് ബാങ്ക് പദ്ധതി, മിച്ചഭൂമി വിതരണം, വി.എഫ്.സി. ഭൂമി വിതരണം എന്നീ പദ്ധതികൾ മുഖേന ലഭ്യതയനുസരിച്ച് ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം അനുവദിച്ച നെല്ലിയാമ്പതിയിലെ 127 കുടുംബങ്ങൾക്ക് ലൈഫ്മിഷൻ പദ്ധതി മുഖേന വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണം

16(761) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഭവനരഹിതരായതും നിലവിൽ ഒരു പദ്ധതി പ്രകാരവും വീട് അനുവദിച്ചിട്ടില്ലാത്തവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ കോളനികൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭൂരഹിതരായതും നിലവിൽ ഒരു പദ്ധതി പ്രകാരവും സ്ഥലം അനുവദിച്ചിട്ടില്ലാത്തവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ കോളനികൾ തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഭവനരഹിതരും ഭൂരഹിതരും നിലവിൽ ഒരു പദ്ധതി പ്രകാരവും വീടും സ്ഥലവും അനുവദിച്ചിട്ടില്ലാത്തവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ഈ മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും അനുവദിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായാണ് നിലവിൽ പട്ടികവർഗ്ഗക്കാർക്കും സ്ഥലവും വീടും അനുവദിച്ചു വരുന്നത്. കൂടാതെ 275.13 ഏക്കർ നിക്ഷിപ്ത വനഭൂമി, പട്ടികവർഗ്ഗക്കാർക്ക് പതിച്ച് നൽകുന്നതിനായി വനം വകുപ്പ്, റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി ഭൂമി അർഹതപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് ആദിവാസി പുനരധിവാസ മിഷൻ മുഖേന നിശ്ചിത അപേക്ഷ ക്ഷണിച്ച് സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിച്ച് തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.